പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2169 07.12.2015-ൽ മറുപടിക്ക്

എല്ലാ തപാലുകളും രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ നടപടി

ചോദ്യം

ശ്രീ. സി. മമ്മൂട്ടി :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്ന് കെ.എസ്.ആർ.ടി.സി ഭവനിലേയ്ക്ക് അയയ്ക്കുന്ന എല്ലാ തപാലുകളും രജിസ്റ്ററിൽ രേഖപ്പെടുത്തി നമ്പരിട്ടാണോ വിവിധ സെക്ഷനുകളിലേയ്ക്ക് നടപടിക്കായി നൽകാറുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | എല്ലാ തപാലുകളിലും നമ്പർ രേഖപ്പെടുത്തിയല്ല വിവിധ സെക്ഷനുകളിലേക്ക് നൽകുന്നത്. |
| (ബി) | ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകൾ തപാൽ രജിസ്റ്ററിൽ രേഖപ്പെടുത്തി നമ്പർ നൽകാത്തതു കാരണം ഇതു സംബന്ധിച്ച അന്വേഷണങ്ങൾക്കായി വരുന്ന അപേക്ഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപേക്ഷകൾ തപാൽ രജിസ്റ്ററിൽ രേഖപ്പെടുത്താത്ത ഉത്തരവാദികൾക്കെതിരെ പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | എല്ലാ തപാലുകളും നമ്പരിട്ട് ശേഷം മാത്രം കൃത്യമായി നടപടിക്കായി വിവിധ ഇടങ്ങളിലെത്തിക്കാൻ കർശന നിർദ്ദേശം നൽകുമോ? | (സി) | കമ്പ്യൂട്ടർ വത്ക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ തപാലുകളും നമ്പറിട്ട് ചേർത്ത് നൽകുവാനും, കൃത്യത ഉറപ്പാക്കുവാനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ